പൊങ്കൽ ഉത്സവത്തിന് നാളെ തുടക്കം

പെരുങ്ങോട്ടുകുറിശി: പരുത്തിപ്പുള്ളി കാവുതിയാംപറമ്പ് മാരിയമ്മൻ ക്ഷേത്രത്തിലെ പൊങ്കൽ ഉത്സവത്തിന് നാളെ തുടക്കമാകും. രാവിലെ ഏഴിന് കൊടിയേറ്റം നടക്കും. വൈകിട്ട് ഏഴിന് ഫ്യൂഷൻ ഡാൻസ്, 18ന് വൈകിട്ട് കൈകൊട്ടിക്കളി എന്നിവ നടക്കും. 19ന് ഉച്ചയ്ക്ക് അന്നദാനം. വൈകിട്ട് മുന്നിന് കോട്ടകുളത്തു നിന്ന് മൂന്ന് ഗജവീരന്മാരുടെ അകമ്പടിയോടെ കുംഭം എഴുന്നള്ളിക്കും. 20 ന് രാവിലെ അഞ്ചിന് ചെരാംകുളങ്ങര ഭഗവതി ക്ഷേത്രത്തിൽ നിന്ന് മാവിളക്ക് എഴുന്നള്ളത്ത്. ഡബിൾ തായമ്പക, ഉടുക്കുപാട്ട് എന്നിവ നടക്കും. 21ന് രാവിലെ ഒമ്പതിന് പൊങ്കൽവയ്പ്. തുടർന്ന് അന്നദാനം. 22 രാത്രി മുന്നിശരൻ പൂജയോടെ ഉത്സവം സമാപിക്കും.

കെ.ജി.ഒ.എ പ്രവർത്തകസംഗമം ഇന്ന്

പാലക്കാട്: കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ വജ്രജൂബിലി സമ്മേളനത്തോടനുബന്ധിച്ച് ഇന്ന് പാലക്കാട്ട് മുൻകാല നേതാക്കളുടേയും പ്രവർത്തകരുടേയും സംഗമം നടക്കും. വൈകിട്ട് മൂന്നരയ്ക്ക് കെ.ജി.ഒ.എ ഹാളിൽ നടക്കുന്ന സംഗമം മുൻ സംസ്ഥാന വൈസ്പ്രസിഡന്റ് ടി.ആർ. അജയൻ ഉദ്ഘാടനം ചെയ്യുമെന്ന് ജില്ലാ സെക്രട്ടറി അറിയിച്ചു.

പുസ്തക ചർച്ച ഇന്ന്

പാലക്കാട്: കലാക്ഷേത്ര കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ പുസ്തക ചർച്ചയും കവിയരങ്ങും ഇന്ന് വൈകിട്ട് നാലിന് പാലക്കാട് പബ്ലിക് ലൈബ്രറിയിൽ നടക്കും. സൗഹൃദം ദേശീയ വേദിയുടെ പ്രസിഡന്റും നാടകസംവിധായകനുമായ പി.വി. സഹദേവൻ രചിച്ച മാതൃ രോദനം എന്ന നാടക പുസ്തകമാണ് ചർച്ച ചെയ്യുന്നത്. കവി രവീന്ദ്രൻ മലയങ്കാവ് ഉദ്ഘാടനം ചെയ്യും. സുനിൽ കല്ലേപ്പുള്ളി, ജയൻ അക്ഷരകല, ഗുരുജി ഗുരുവായൂരപ്പൻ എന്നിവർ പങ്കെടുക്കും.

അധ്യാപക ഒഴിവ്

കുഴൽമന്ദം: തേങ്കുറിശി ഗവ: ഹയർ സെക്കൻഡറി സ്കൂളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. ഹയർസെക്കന്ഡറി വിഭാഗത്തിൽ സ്റ്റാറ്റിസ്റ്റിക്സ് (സീനിയർ), ബോട്ടണി (ജൂനിയർ), ഇക്കണോമിക്സ് (ജൂനിയർ), കെമിസ്ട്രി (ജൂനിയർ), ഇംഗ്ലീഷ് (ജൂനിയർ) എന്നീ വിഷയങ്ങളിലാണ് നിയമനം. കൂടിക്കാഴ്ച ജൂൺ രണ്ടിന് രാവിലെ 11ന്. ഫോൺ: 9446533208.

● ആലത്തൂർ: എ.എസ്.എം. ഹയർ സെക്കന്ഡറി സ്കൂളിൽ, ഹൈസ്കൂൾ വിഭാഗത്തിൽ അറബിക്, സോഷ്യൽ സയൻസ്, ഫിസിക്കൽ സയൻസ്, ഗണിതം, എഫ്.ടി.എം. എന്നീ അധ്യാപകരുടെ താൽക്കാലിക ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. അഭിമുഖം 20ന് രാവിലെ 9.30ന് നടക്കും.

അപേക്ഷ ക്ഷണിച്ചു

കുഴൽമന്ദം: തേങ്കുറിശി പഞ്ചായത്തിൽ, 27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃ ഫോറങ്ങളുടെ വിതരണം 18 മുതൽ പഞ്ചായത്ത് ഓഫീസിലും വാർഡ് ഗ്രാമസഭകളിലുമായി നടക്കും.

പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം മുപ്പതിന് വൈകിട്ട് അഞ്ചിനകം പഞ്ചായത്ത് ഓഫീസിൽ ലഭിക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

കാലത്തിന് മുൻപേ നടന്ന കഥാകാരൻ

പാലക്കാട്: വെടിയുണ്ട വരുന്നുണ്ട്, മാറിക്കളയാം. എന്ന പഞ്ചഡയലോഗ് കേൾക്കാത്ത മലയാളി ഉണ്ടാവില്ല. ചിത്രകഥകളിലൂടെ മലയാളിയുടെ ആസ്വാദന നിലവാരത്തെ മാറ്റി മറിച്ച ഡിറ്റക്ടീവ് ചിത്രകഥാ കൃതി കണ്ണാടി വിശ്വനാഥൻ (93) വിട പറയുമ്പോൾ അവസാനിക്കുന്നത് ഒരു കാലഘട്ടം തന്നെയാണ്. പാലക്കാട്ട് വിശ്രമജീവിതം നയിക്കുകയായിരുന്ന അനശ്വര കഥാകാരൻ വ്യാഴാഴ്ച രാത്രിയാണ് അന്തരിച്ചത്.

● കണ്ണാടി വിശ്വനാഥൻ

പാശ്ചാത്യ ലോകത്ത് കാർട്ടൂൺ ചിത്രകഥകൾ പ്രചാരത്തിലെത്തും മുമ്പ് മലയാളത്തിൽ കയ്യൊപ്പ് പതിപ്പിച്ച കണ്ണാടി വിശ്വനാഥൻ കാലത്തിന് മുൻപേ നടന്ന കഥാകാരനായിരുന്നു. സി.ഐ.ഡി മൂസ, ഇരുമ്പുകൈ മായാവി എന്നീ കഥാപാത്രങ്ങൾ ഒന്നിലധികം തലമുറകൾ ആഘോഷിച്ചു. പത്ത് വർഷത്തിനുള്ളിൽ അദ്ദേഹത്തിന്റെ 125 പുസ്തകങ്ങളാണ് പുറത്തിറങ്ങിയത്. ഒറ്റ രൂപാ നോവലുകളിലൂടെ പ്രശസ്തമായ പാലക്കാട്ടെ അച്യുതൻ ബുക്സായിരുന്നു പ്രസാധകർ. പല പുസ്തകവും പതിനായിരത്തിലധികം കോപ്പികൾ വരെ അച്ചടിച്ചു. രാക്ഷസപ്പല്ലികളും മാന്ത്രികവാളുമെല്ലാം മലയാളിയുടെ മനസിൽ പതിഞ്ഞു. മലയാളത്തിലെ അപകടസർപ്പക ചിത്രകഥാ നോവലിന്റേയും ഗ്രാഫിക് നോവലിന്റേയുമെല്ലാം വേരുകൾ ചെന്നു മുട്ടുന്നത് ഈ മനുഷ്യന്റെ തൂലികയിലാണ്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലുമെല്ലാം കൃതികൾ തരംഗം സൃഷ്ടിച്ചു. സി.ഐ.ഡി മൂസ, ഇരുമ്പുകൈ മായാവി, റിവോൾവർ റിങ്കോ തുടങ്ങിയ കഥാപാത്രങ്ങൾ ജനമനസിൽ പതിഞ്ഞു. സർപ്പദീപ്, സി.ഐ.ഡി. മൈക്കിൾ, മഞ്ഞുകട്ട രഹസ്യം എന്നിങ്ങനെയുള്ള പുസ്തകങ്ങൾ എത്രയോ ഗ്രാമങ്ങൾ ഉണ്ടായിരുന്നില്ല.

ദീർഘകാലം ചെന്നൈയിൽ തയ്യൽ ജോലി ചെയ്ത് നാട്ടിൽ തിരിച്ചെത്തിയ വിശ്വനാഥന്റെ തലവര മാറ്റിയെഴുതിയത്, പാലക്കാട് നഗരത്തിലെ കുന്നത്തൂർ മേടിൽ തയ്യൽക്കട തുടങ്ങിയതാണ്. അതിനടുത്തായിരുന്നു അച്യുതൻ ബുക്ക് ഹൗസ്. ചെറിയ പുസ്തകങ്ങൾ വായിക്കുന്ന ശീലം മലയാളിക്ക് കൈമോശം വരുന്നത് വരെ എഴുത്തിൽ സജീവമായിരുന്നു അദ്ദേഹം. കുറച്ചു കാലമായി വിശ്രമജീവിതത്തിലായിരുന്നു. അർഹിക്കുന്ന അംഗീകാരം അദ്ദേഹത്തിന് ലഭിച്ചോ എന്ന ചോദ്യത്തിന് ഇല്ലെന്ന് ഉത്തരം പറയേണ്ടി വരും. കണ്ണാടി ചുങ്കമന്ദം യു.പി സ്കൂളിലെ പ്രധാനാധ്യാപകനായിരുന്ന അച്യുതൻ നായരുടേയും ദേവകി അമ്മയുടേയും മകനായി 1932ലായിരുന്നു ജനനം. ഭാര്യ: പെരുവെമ്പി എമ്പന്ത്ത് ശാരദ. മക്കൾ: രേണുക, ശോഭ. മരുമക്കൾ: അരവിന്ദൻ, ഹരിപ്രസാദ്.

മാലിന്യക്കൂമ്പാരമായി നെരങ്ങാൻ പാറ

ആലത്തൂർ: മാലിന്യക്കൂമ്പാരമായി മാറി വെങ്ങന്നൂർ കുത്തന്നൂർ റോഡ്. വിവിധ പ്രദേശങ്ങളിൽ നിന്ന് നെരങ്ങാൻ പാറയിൽ വ്യാപകമായി മാലിന്യം തള്ളുകയാണ്.

നെരങ്ങാൻ പാറ മുതൽ പടേറ്റി വരെയുള്ള ഒഴിഞ്ഞ പ്രദേശങ്ങളുടെ റോഡരികിലാണ് മാലിന്യക്കൂമ്പാരം രൂപം കൊണ്ടിരിക്കുന്നത്. കോഴി വേസ്റ്റും വീടുകളിൽ നിന്നും കല്യാണമണ്ഡപങ്ങളിൽ നിന്നുമുള്ള അവശിഷ്ടങ്ങളും ഇവിടെ വന്ന് അടിയുകയാണ്. ബാർബർ ഷോപ്പുകളിലെ മാലിന്യം ചാക്കുകളിലാക്കി തള്ളിയത് കാണാം. ചപ്പുചവറുകൾ കുമിഞ്ഞു കൂടിയതോടെ തെരുവുനായ്ക്കളും വർധിച്ചു.

● മാലിന്യക്കൂമ്പാരമായി മാറിയ നെരങ്ങാൻ പാറ.

നായ്ക്കളെ പേടിച്ച് നടക്കാനാവാത്ത അവസ്ഥയാണ്. ഇരുചക്രവാഹനയാത്രക്കാരും ബുദ്ധിമുട്ടുന്നുണ്ട്. രാത്രികാലങ്ങളിൽ പ്രദേശം സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുന്നതായും പരാതി ഉയരുന്നു. പ്രശ്നത്തിൽ ഇടപെടാൻ പഞ്ചായത്ത് തയ്യാറാവുന്നില്ലെന്ന ആരോപണവും ഉണ്ട്. മേഖലയിൽ പോലീസ് നിരീക്ഷണം ശക്തമാക്കുകയും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും ചെയ്യണം എന്നാണ് നാട്ടുകാരുടെ ആവശ്യം.

● കൊല്ലങ്കോട്ടുമ്പിൽ റോഡരികിൽ ചീഞ്ഞ മാമ്പഴം. തള്ളിയ നിലയിൽ.

റോഡരികിൽ മാലിന്യം തള്ളുന്നതായി പരാതി

വണ്ടിത്താവളം: റോഡരികിൽ വൻതോതിൽ മാലിന്യം തള്ളുന്നതായി പരാതി. തത്തമംഗലം, പൊള്ളാച്ചി റോഡിലെ കൊല്ലൻകൊല്ലുമ്പിലാണ് മാംസാവശിഷ്ടങ്ങളും ചീഞ്ഞ പച്ചക്കറി, പഴവർഗങ്ങളും കുമിഞ്ഞു കൂടുന്നത്. മഴ എത്തിയതോടെ പ്രദേശം ആകെ വൃത്തികേടായിക്കിടക്കുകയാണ്. ദുർഗന്ധവും രൂക്ഷമാണ്. പ്രദേശത്ത് പന്നികളും തെരുവുനായ്ക്കളും തമ്പടിക്കുന്നതായി പരാതി ഉയരുന്നു. പ്രദേശത്ത് ധാരാളം പാമ്പുകളേയും കാണാനുണ്ട്. തെരുവുവിളക്കുകളുടെ അഭാവം പ്രശ്നം രൂക്ഷമാക്കുന്നു. നിരീക്ഷണക്യാമറയും തെരുവുവിളക്കുകളും സ്ഥാപിച്ച് പ്രശ്നം പരിഹരിക്കണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി വേണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

ഇടിമിന്നലോടു കൂടിയ മഴയ്ക്കും കാറ്റിനും സാധ്യത

പാലക്കാട്: ജില്ലയിൽ ഇടിമിന്നലോടു കൂടിയ കനത്ത മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പൊവ്വാഴ്ച വരെ സംസ്ഥാനത്ത് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മിന്നലിൽ നിന്ന് രക്ഷ നേടാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം. ഇടിമിന്നലിന്റെ ലക്ഷണം കണ്ടാൽ ജനലും വാതിലും അടച്ചിടണമെന്നും പരമാവധി, ഭിത്തിയിലും തറയിലും സ്പർശിക്കാതിരിക്കണമെന്നുമാണ് മുന്നറിയിപ്പ്. ഇരുചക്രവാഹനങ്ങളിലെ യാത്ര പരമാവധി ഒഴിവാക്കണം. മേഘാവൃതമായ അന്തരീക്ഷമാണെങ്കിൽ കുട്ടികളെ പുറത്ത് കളിക്കാൻ വിടരുത്. മിന്നലേറ്റാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

● എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയ കൂടല്ലൂർ എം.ടി. വാസുദേവൻ മെമ്മോറിയൽ ഗവ: ഹൈസ്കൂളിലെ വൈഗ മനോജും കെ.വി. അഭിറാമും.

മികച്ച വിജയവുമായി കൂടല്ലൂർ സ്കൂൾ

ആനക്കര: മികച്ച വിജയവുമായി കൂടല്ലൂർ ഗവ: എം.ടി. വാസുദേവൻ മെമ്മോറിയൽ ഹൈസ്കൂൾ. പരീക്ഷയെഴുതിയ 122 പേരിൽ 120 പേരും വിജയിച്ചു. രണ്ടു പേർ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടി. വൈഗ മനോജ്, കെ.വി. അഭിറാം എന്നിവർക്കാണ് ഫുൾ എ പ്ലസ് ലഭിച്ചത്.

തത്വ വാർഷികാഘോഷത്തിന് ഇന്ന് തുടക്കം

പാലക്കാട്: തത്വ മ്യൂസിക് സൊസൈറ്റിയുടെ വാർഷികാഘോഷം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് ആരംഭിക്കുമെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു. വിവിധ സംഗീത പരിപാടികൾ അരങ്ങേറും. വൈകിട്ട് ആറിന് നടക്കുന്ന സംസ്കാരിക സമ്മേളനം വി.കെ. ശ്രീകണ്ഠൻ എം.പി ഉദ്ഘാടനം ചെയ്യും. നിയുക്ത എം.എൽ.എ മാരായ കെ. എ. തുളസി, കെ. പ്രേമൻ, സുമേഷ് അച്ചുതൻ എന്നിവർ പങ്കെടുക്കും. നർത്തകി വിനീത നെടുങ്ങാടി, റഫ വോയ്സ് അലിമുത്തു, ഗ്രമമർ ജാഫർ, നടൻ ഹരിശാന്ത്, കലാ സംവിധായകൻ ശിൽപം ബാബു എന്നിവരെ ആദരിക്കും. തുടർന്ന് ഗായകൻ വിവേകാനന്ദന്റെ നേതൃത്വത്തിൽ തത്വയിലെ കലാകാരന്മാർ അവതരിപ്പിക്കുന്ന ഗാനമേള നടക്കും.

നാളെ വൈകിട്ട് ആറരയ്ക്ക് നടക്കുന്ന സംസ്കാരിക പരിപാടി ജില്ലാ കലക്ടർ എം.എസ്. മാധവിക്കുട്ടി ഉദ്ഘാടനം ചെയ്യും. തത്വ ശ്രീ പുരസ്കാരം ഗ്രമഫോൺ വാദകൻ പത്മശ്രീ ശിവമണിക്കും നടൻ വിജയരാഘവനും സമർപ്പിക്കും. പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി, സിനിമാതാരം അപർണ്ണ ബാലമുരളി എന്നിവർ പങ്കെടുക്കും. തുടർന്ന് ത്രികായ ബാന്റ് പരിപാടി അവതരിപ്പിക്കും.

പത്രസമ്മേളനത്തിൽ ജിതപ്രകാശ്, പി. ബിനിത, ഇ. പ്രീത, ഡോ: ഭാഗ്യലക്ഷ്മി എന്നിവർ പങ്കെടുത്തു.

● കോട്ടായി മുട്ടിക്കടവ് ചെക്ക് ഡാമിൽ മണൽച്ചാക്കുകൾ അട്ടിയിട്ട് ജലം സംഭരിക്കുന്നു.

എസ്.എസ്.എൽ.സി: ജില്ലയിൽ 98.29 ശതമാനം വിജയം

പാലക്കാട്:കഴിഞ്ഞ വർഷത്തേക്കാൾ 1.06 ശതമാനത്തിന്റെ കുറവ്. കഴിഞ്ഞ വർഷം 99.35 ആയിരുന്നു വിജയശതമാനം. 38828 വിദ്യാർഥികൾ പരീക്ഷ എഴുതിയതിൽ 38,164 പേർ ഉപരിപഠനത്തിന് യോഗ്യത നേടി.

ഇതിൽ 19,188 ആൺകുട്ടികളും 18,976 പെൺകുട്ടികളും ഉൾപ്പെടുന്നു. 1859 പേർക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചു.83 സ്കൂളുകൾ നൂറ് ശതമാനം വിജയം നേടി. ഇതിൽ 35 സർക്കാർ സ്കൂളുകളും 25 എയ്ഡഡ് സ്കൂളുകളും 23 അൺ എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുന്നു.

വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള കണക്ക്: ഒറ്റപ്പാലം- ആകെ പരീക്ഷ എഴുതിയവർ 12, 373. (പെൺകുട്ടികൾ -6046, ആൺകുട്ടികൾ-6327). ഉപരിപഠനത്തിന് യോഗ്യത നേടിയവർ 12089. (പെൺകുട്ടികൾ 5939, ആൺകുട്ടികൾ 6150). വിജയ ശതമാനം 97.7. പാലക്കാട്- ആകെ പരീക്ഷ എഴുതിയവർ 17,701. (പെൺകുട്ടികൾ- 8878, ആൺകുട്ടികൾ- 8823). ഉപരിപഠനത്തിന് യോഗ്യത നേടിയവർ 17413. (പെൺകുട്ടികൾ 8765, ആൺകുട്ടികൾ- 8648). വിജയ ശതമാനം. 98.37. മുഴുവൻ വിഷയങ്ങളിലും എ പ്ലസ് വാങ്ങിയവർ: ഒറ്റപ്പാലം: 555 (408 പെൺകുട്ടികൾ, 147 ആൺകുട്ടികൾ). പാലക്കാട് 750. (560 പെൺകുട്ടികൾ, 190 ആൺകുട്ടികൾ). മണ്ണാർക്കാട് 554. (366 പെൺകുട്ടികൾ, 188 ആൺകുട്ടികൾ).

നിയുക്ത എം.എൽ.എക്കെതിരായ പ്രചരണം: അന്വേഷണം വേണമെന്ന് യു.ഡി.എഫ് സ്ഥാനാർഥി

പാലക്കാട്: നിയുക്ത ആലത്തൂർ എം.എൽ.എ ടി.എം. ശശിക്കെതിരെ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്ന അശ്ലീല പ്രചാരണത്തിൽ കുറ്റക്കാരെ ശിക്ഷിക്കണമെന്ന് യു.ഡി.എഫ് സ്ഥാനാർഥിയായിരുന്ന ജില്ലാ പഞ്ചായത്ത് അംഗം കെ.എം. ഹബീബ് പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

പ്രചാരണത്തിന് പിന്നിൽ താനാണെന്ന് ആരോപിച്ച് നിയുക്ത എം.എൽ.എ വടക്കഞ്ചേരി പോലീസിൽ പരാതി നൽകിയിരുന്നു. തനിക്ക് അതുമായി ബന്ധമില്ല. യഥാർഥ വസ്തുതകൾ പുറത്തു വരണം.- ഹബീബ് പറഞ്ഞു. എം.എൽ.എ പോലീസിനെ സ്വാധീനിച്ച് തന്നിക്കും ഇളവാടം സ്വദേശിയായ ബാബുവിനുമെതിരെ നീങ്ങുകയാണ് എന്നാണ് അദ്ദേഹത്തിന്റെ ആരോപണം.

മുൻകൂർ അറിയിപ്പില്ലാതെയാണ് തന്നിക്കെതിരേ കേസെടുത്തത്. ഇത് ആസൂത്രിത ഗൂഢാലോചനയുടെ ഭാഗമാണ്. നിയമവിരുദ്ധമായ നടപടികളിൽ പങ്കാളിയായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും അന്വേഷണം വേണം.

നിലപിത്രവുമായി ബന്ധപ്പെട്ട് പ്രചരിച്ചുവെന്ന് പറയുന്ന എല്ലാ ഉള്ളടക്കങ്ങളും ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കണം.- ഹബീബ് ആവശ്യപ്പെട്ടു.

കഥകളിഗ്രാമം വാർഷികാഘോഷം18ന് തുടങ്ങും

പാലക്കാട്: കല്ലേക്കുളങ്ങര കഥകളി ഗ്രാമത്തിന്റെ 23ാം വാർഷികാഘോഷം 18 മുതൽ 20 വരെ നടക്കും. ഡോ: കലാമണ്ഡലം രാമൻകുട്ടി നായരുടെ 101ാം ജന്മവാർഷികത്തോടനുബന്ധിച്ച് 18ന് രാവിലെ 9.30ന് കല്ലേക്കുളങ്ങര ഏമൂർ ഭഗവതി ക്ഷേത്രം സപ്താഹ മണ്ഡപത്തിൽ ആചാര്യസ്മരണം നടക്കും. തുടർന്ന് ആദ്യതിരി തെളിയിക്കൽ ചടങ്ങിൽ 101 പേർ 101 തിരാതുകൾ തെളിയിക്കും. വിദ്യാർഥികളുടെ നവകഥകളി ചൊല്ലിയാട്ടവും കല്ലടിക്കോടൻ, കപ്പിങ്ങാടൻ, കല്ലുവഴി തോടയങ്ങളുടെ അവതരണവും നടക്കും. കഥകളിയിലെ തോടയശൈലിവൈവിധ്യങ്ങളെക്കുറിച്ചുള്ള സംവാദം ഉണ്ടാകും. സംവാദത്തിൽ കലാമണ്ഡലം പ്രശാന്ത്, കലാമണ്ഡലം രവികുമാർ, കലാമണ്ഡലം അരുണ് പി. കുമാർ, അനൂപ് വെള്ളാനി എന്നിവർ പങ്കെടുക്കും. എൻ.പി. വിജയകൃഷ്ണൻ മോഡറേറ്ററാകും.

19ന് രാവിലെ എട്ട് മുതൽ പാലക്കാട് ചെമ്പൈ സംഗീത കോളജ് വേദിയിൽ രാമൻകുട്ടി നായർ അഭിനയിച്ച പ്രശസ്ത കഥകൾ അവതരിപ്പിക്കും. സുഭദ്രാഹരണം, കല്യാണസൗഗന്ധികം, രാജസൂയം, സീതാസ്വയംവരം, നരകാസുരവധം, ബാലിവിജയം, ദക്ഷയാഗം എന്നിവയുടെ അവതരണം നടക്കും. 20ന് രാവിലെ 9.30ന് നടക്കുന്ന സമാപന സമ്മേളനം വി.കെ. ശ്രീകണ്ഠൻ എം.പി ഉദ്ഘാടനം ചെയ്യും. നിയുക്ത എം.എൽ.എ എ. പ്രഭാകരൻ അധ്യക്ഷത വഹിക്കും. കലക്ടർ എം.എസ്. മാധവിക്കുട്ടി മുഖ്യാതിഥിയാകും. കലാമണ്ഡലം ശിവൻ നമ്പൂതിരി, സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി, അച്ചുക്കുട്ടൻ സ്വരലയം, ഉദയ എസ്. ദാസ്, ജെറിൽ നൗശാദ് എന്നിവർ പങ്കെടുക്കും. തുടർന്ന് ഉദയ എസ്. ദാസ് പാലക്കുന്നത്ത് മന രചിച്ച കലാമണ്ഡലം വെങ്കിട്ടരാമൻ ആശയവും സംവിധാനവും നിർവഹിച്ച ദേവീ മാഹാത്ത്യം ആട്ടക്കഥയുടെ രംഗാവിഷ്കാരം അരങ്ങേറും.

നിയുക്ത എം.എൽ.എയ്ക്ക് സ്വീകരണം നൽകി

പെരുങ്ങോട്ടുകുറിശി: തരൂർ മണ്ഡലത്തിൽ നിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പി.പി. സുമോദിന് എൽ.ഡി.എഫ്, ഐ.ഡി.എഫ് സഖ്യത്തിന്റെ നേതൃത്വത്തിൽ പെരുങ്ങോട്ടുകുറിശിയിലെ വിവിധ പ്രദേശങ്ങളിൽ സ്വീകരണം നൽകി. പെരുങ്ങോട്ടുകുറിശി പഞ്ചായത്തിലേക്ക് അനുമതി നേടിയ വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് അദ്ദേഹം പറഞ്ഞു. പിലാപ്പുള്ളിയിൽ നടന്ന സ്വീകരണയോഗത്തിൽ ഐ.ഡി.എഫ് നേതാവ് കെ.പി. ശ്രീധരൻ അധ്യക്ഷത വഹിച്ചു. സി.പി.എം കുഴൽമന്ദം ഏരിയാ സെക്രട്ടറി എ. അനിതാനന്ദൻ, പരുത്തിപ്പുള്ളി ലോക്കൽ സെക്രട്ടറി കെ.എ. ശിവദാസൻ, ഏരിയാ കമ്മിറ്റിയംഗം ആർ. രാജീകൃഷ്ണൻ, സി.പി.ഐ നേതാവ് ചിന്നൻ എന്നിവർ പ്രസംഗിച്ചു. പെരുങ്ങോട്ടുകുറിശി ജങ്ഷൻ, ചുവന്നൂർ, തോലനൂർ, കുത്തനൂർ, കോട്ടായി, കീഴ്ത്തൂർ എന്നിവിടങ്ങളിലും സ്വീകരണം നൽകി.

● തരൂരിലെ നിയുക്ത എം.എൽ.എയ്ക്ക് പിലാപ്പുള്ളിയിൽ നൽകിയ സ്വീകരണത്തിൽ നിന്ന്.

താൽക്കാലിക തടയണ നിർമ്മിച്ചു

കുഴൽമന്ദം: കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി ഓരത്തപ്പുഴയിലെ കോട്ടായി മുട്ടിക്കടവ് തടയണയിൽ ജലസംഭരണത്തിനായി സൗകര്യമൊരുക്കി. തടയണയിലെ പതിനൊന്നിടത്ത് മണൽച്ചാക്കുകൾ അട്ടിയിട്ടാണ് ജലസംഭരണം നടത്തുന്നത്.

ഗ്രാമപ്പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് നടപടി. ചെക്ക്ഡാമിലെ ഷട്ടറുകൾ പൂർണമായും നശിച്ചു പോയ സാഹചര്യത്തിലാണ് ഇത്. നേരത്തെ ജൽ ജീവൻ മിഷൻ പദ്ധതിയിൽ 19 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ കെട്ടിവച്ചിട്ടുണ്ട്. ഷട്ടർ സ്ഥാപിക്കുന്നതടക്കമുള്ളവയ്ക്കു വേണ്ടിയാണ് തുക കെട്ടിവച്ചത്.

എന്നാൽ തുടർനടപടികൾ വൈകുകയാണ്. വെള്ളമില്ലാത്തതിനാൽ കുടിവെള്ള വിതരണം താളം തെറ്റുന്ന അവസ്ഥയായിരുന്നു.

● കോട്ടായി മുട്ടിക്കടവ് ചെക്ക് ഡാമിൽ മണൽച്ചാക്കുകൾ അട്ടിയിട്ട് ജലം സംഭരിക്കുന്നു.

മഴയിൽ വീട് തകർന്നു

കുഴൽമന്ദം: ശക്തമായ മഴയിൽ വീട് തകർന്നു. തോലനൂർ പുളയ്ക്കപറമ്പ് സുരേഷിന്റെ വീടാണ് തകർന്നത്. വ്യാഴാഴ്ച വൈകിട്ടുള്ള മഴയിലായിരുന്നു അപകടം.

ആളപായമില്ല. മൂന്നുലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു.

കാൽനടമേൽപ്പാല നിർമ്മാണം: പരിശോധന നടത്തി

വടക്കഞ്ചേരി: മംഗലം മേഖലയിൽ ദേശീയപാത മുറിച്ചുകടക്കുന്നതിന് രണ്ട് ഫൂട്ട് ഓവർ ബ്രിഡ്ജുകൾ യാഥാർഥ്യമാകുന്നു.

പന്തലാംപാടം സ്കൂളിന് മുൻവശത്ത് നടപ്പിലാക്കിയ മാതൃകയിൽ മംഗലം പാലത്തും ഗാന്ധി സ്മാരക സ്കൂളിന് മുൻവശത്തുമാണ് ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുന്നത്. നിർമ്മാണം ആരംഭിക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഉദ്യോഗസ്ഥരും കരാർ കമ്പനി പ്രതിനിധികളും സ്ഥലം സന്ദർശിച്ച് പ്രാഥമിക പരിശോധന നടത്തി.

പഞ്ചായത്ത് മെമ്പർമാരായ ബി. ദിനേശ് കുമാറും ശ്രീലത ബാബുവും കൂടെയുണ്ടായിരുന്നു.

ഇന്ത്യൻ ബാങ്ക് Indian Bank

സോണൽ ഓഫീസ്, കോഴിക്കോട്
ഗ്രൗണ്ട് ഫ്ലോർ, ഡോ.എസ്.ബി ഡെന്റിസ്ട്രി & ഓർത്തോ ഡോണ്ടിക്സ് ക്ലിനിക് ബിൽഡിംഗ്, കണ്ണൂർ റോഡ്, സെന്റ് സക്കോട്, കോഴിക്കോട് - 673011

അനുബന്ധം-IV-A (proviso റൂൾ 8(6) പ്രകാരം)

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ് 2002 ലെ റൂൾ 8(1) & 8(6)യിൽ പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്

ഇന്ത്യൻ ബാങ്കിന് പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ഇന്ത്യൻ ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, താഴെ കൊടുത്തിരിക്കുന്ന വായ്പക്കാർ/ജാമ്യക്കാർ കുടിശിക തുക തിരിച്ചടയ്ക്കാത്തതിനാൽ താഴെ കൊടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ കൈവശപ്പെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വ